പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1689** **05.12.14 ലെ മറുപടിയ്ക്ക്**

**കർഷക കടാശ്വാസ കമ്മീഷൻ**

| **ചോദ്യം**<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ഹൈബി ഈഡൻ | | **മറുപടി**<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കേരളത്തിലെ കാർഷിക മേഖലയെ സഹായിക്കുന്നതിൽ കർഷക കടാശ്വാസ കമ്മീഷൻ വലിയ പങ്ക് വഹിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;<br><br>ബി) കർഷക ആത്മഹത്യകൾ കുറയുന്നതിനും, കൃഷി ശക്തിപ്പെടുത്തുന്നതിനും കർഷക കടാശ്വാസ കമ്മീഷൻ ശക്തിപ്പെടുത്തണമെന്ന് കരുതുന്നുണ്ടോ;<br><br>(സി) എങ്കിൽ എന്തൊക്കെ നൂതന പദ്ധതികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | (എ), (ബി) & (സി) | കടബാധ്യത മൂലം ദുരിതത്തിലാണ്ട കർഷകരെ സഹായിക്കുന്നതിന് വേണ്ടിയാണ് 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. 2007 ൽ രൂപീകരിച്ച കമ്മീഷന്റെ കാലാവധി 18.03.12 ൽ അവസാനിച്ചതിനെത്തുടർന്ന് 19.05.12 ലെ ജി.ഒ(പി) നം.210/2012/RD നമ്പർ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.ആർ. ഉദയഭാനു ചെയർമാനായി സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് നിലവിൽ വന്ന 18.01.2007 നോ അതിനുമുമ്പോ കർഷകനിൽ നിന്ന് സഹകരണ സംഘത്തിനോ ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടം കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾക്കോ നല്കാനുള്ള ബാധ്യതകൾക്കാണ് കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്തിരുന്നത്. എന്നാൽ വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ജില്ലയിലെ കർഷകരുടെ 31.10.2011 വരെയുള്ള കടങ്ങളും നിലവിൽ കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. അതനുസരിച്ച് വയനാട് ജില്ലയിലെ കർഷകരിൽ നിന്ന് കടാശ്വാസത്തിനുള്ള അപേക്ഷകൾ കമ്മീഷനിൽ സ്വീകരിക്കുന്നുണ്ട്. 113502 കർഷകർക്ക് ഇതിനകം കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്തിട്ടുണ്ട്. കടക്കെണിയിലായ കർഷകർക്ക് ആശ്വാസം നല്കുന്നതു വഴി കർഷക ആത്മഹത്യ തടയുന്നതിലും അത്തരത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിലും കർഷക കടാശ്വാസ കമ്മീഷൻ പങ്ക് വഹിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ